**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 567** **30-01-2024 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി ഓഡിറ്റ് വിങ്ങിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ജി.എസ്.ടി വകുപ്പ് പുന: സംഘടനയ്ക്ക് ശേഷം രൂപീകരിച്ച ഓഡിറ്റ് വിങ്ങിലെ ഉദ്യോഗസ്ഥരെ ഉൾകൊള്ളുന്ന വിധത്തിൽ ഓഫീസ് സംവിധാനങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; ഉദ്യോഗസ്ഥർക്ക് വേണ്ട ക്യാബിൻ, മേശ, കസേര, കംപ്യൂട്ടർ, ലാപ് ടോപ്പ്, ഇന്റർനെറ്റ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമാണോ; ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | (എ) | സംസ്ഥാനത്തെ ജി.എസ്.റ്റി വകുപ്പ് പുനഃക്രമീകരണത്തിന്റെ ഭാഗമായി പുതിയ വിഭാഗങ്ങൾ രൂപീകരിക്കപ്പെട്ടപ്പോൾ ചില ജില്ലകളിൽ കംപ്യൂട്ടറുകൾ കൂടുതലായി വരികയും ചില ജില്ലകളിൽ കുറവ് വരികയും ചെയ്തിട്ടുണ്ട്. കംപ്യൂട്ടറുകൾ കൂടുതലുള്ള ജില്ലകളിൽ നിന്നും കുറവുള്ള ജില്ലകളിലേയ്ക്ക് കംപ്യൂട്ടറുകൾ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചത് വഴി കംപ്യൂട്ടർ ലഭ്യതക്കുറവ് താത്കാലികമായി പരിഹരിക്കാൻ സാധിച്ചിട്ടുണ്ട്. നിലവിൽ പ്രവർത്തനത്തിലുള്ള എല്ലാ ഓഡിറ്റ് ഓഫീസുകളിലും ഇന്റർനെറ്റ് സംവിധാനവും ലഭ്യമാക്കിയിട്ടുണ്ട്.<br><br>ചരക്കു സേവന നികുതി വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങൾ വിവര വിനിമയ സാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനികവൽക്കരിക്കുന്നതിനായി പ്രത്യേക പദ്ധതി നടപ്പിലാക്കുന്നതിലേക്കായി 2024-25 വർഷത്തേക്ക് ബഡ്ജറ്റിൽ 3 കോടി രൂപ നീക്കി വച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വിങ്ങിൽ എത്ര ജീവനക്കാർ സേവനം ചെയ്യുന്നുണ്ട്; ഉപയോഗയോഗ്യമായ എത്ര കംപ്യൂട്ടർ, ലാപ്ടോപ്പ് എന്നിവ നിലവിൽ ഉണ്ട്; എത്ര ചതുരശ്രയടി ഓഫീസ് സ്പേസാണ് ആവശ്യമായത്; നിലവിൽ എത്ര കൈവശം ഉണ്ട്; വ്യക്തമാക്കാമോ; | (ബി) | ഓഡിറ്റ് വിങ്ങിൽ എല്ലാ വിഭാഗത്തിലുമായി 1311 ജീവനക്കാർ സേവനം ചെയ്യുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ ഓഡിറ്റ് ഡിവിഷനുകളിലുമായി 580 ഡെസ്ക് ടോപ്പുകളും 31 ലാപ് ടോപ്പുകളുമാണ് നിലവിൽ ഉപയോഗ യോഗ്യമായിട്ടുള്ളത്. ആകെ 1,27,200 ചതുരശ്രയടി ഓഫീസ് സ്പേസ് ആവശ്യമായിട്ടുള്ളതിൽ 1,07,378 ചതുരശ്രയടി സ്ഥലമാണ് കൈവശമുള്ളത്. |
| (സി) | ഓഡിറ്റുമായി ബന്ധപ്പെട്ട് ബിസിനസ് സ്ഥാപനങ്ങൾ സന്ദർശിക്കുന്നതിന് സംസ്ഥാനത്തെ ഓഡിറ്റ് യൂണിറ്റുകൾക്ക് വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; നിലവിൽ എത്ര ഓഡിറ്റ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്; ഓഡിറ്റ് വിങ്ങിൽ | (സി) | പുനഃസംഘടനയുടെ ഭാഗമായി രൂപീകരിച്ച ഓഡിറ്റ് വിങ്ങിൽ 66 ഓഡിറ്റ് ഡിവിഷനുകളിലായി 140 ഓഡിറ്റ് ടീമുകളാണ് പ്രവർത്തിക്കുന്നത്. വകുപ്പിലെ ഓഡിറ്റ് വിഭാഗവും ടാക്സ്പെയർ സർവീസസ് വിഭാഗവും ഉപയോഗിക്കുന്ന വാഹനങ്ങൾ, രണ്ടു വിഭാഗങ്ങൾക്കുംകൂടി ഉപയോഗിക്കത്തക്കവിധത്തിലുള്ള |

| | | | |
|---|---|---|---|
| | പ്രവർത്തന ക്ഷമമായ എത്രവാഹനങ്ങൾ നിലവിലുണ്ട്; ലഭ്യമാക്കാമോ; | | ക്രമീകരണങ്ങൾ ഏർപ്പെടുത്തി കുറവ് പരിഹരിക്കാനുള്ള താൽക്കാലിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 26.02.2024-ലെ സ.ഉ.(സാധാ)നം.172/2024/നികുതി പ്രകാരം 20 പുതിയ വാഹനങ്ങൾ വാങ്ങുന്നതിനായി ഭരണാനുമതി നൽകിയിരുന്നു. ആയതിൽ 16 വാഹനങ്ങൾ ഇതിനകം ലഭ്യമായിട്ടുണ്ട്. 4 വാഹനങ്ങൾ താമസിയാതെ ലഭ്യമാകുന്നതാണ്. 2024-25 സാമ്പത്തിക വർഷത്തിലേക്കായി വാഹനങ്ങൾ വാങ്ങുന്നതിന് 3.80 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത വിങ്ങിലെ ഉദ്യോഗസ്ഥർ ഔദ്യോഗിക ആവശ്യങ്ങൾക്ക് സ്വന്തം വാഹനം ഉപയോഗിക്കുവാൻ അനുമതി നൽകുമോ; ഇത്തരത്തിൽ ഉദ്യോഗസ്ഥർ സ്വന്തം വാഹനം ഉപയോഗിക്കുമ്പോൾ ആവശ്യമായ ഇന്ധന അലവൻസ് നൽകുമോ; വ്യക്തമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ